LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പ്രവൃത്തികൾ

175(3607) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും അവ ഓരോന്നിന്റെയും നിലവിലത്തെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലുള്ള നിമിരി വില്ലേജിൽ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള സ്ഥലം, 110 കെ.വി ലൈൻ റൂട്ട് എന്നിവ സംബന്ധിച്ചുള്ള പ്രാഥമിക പരിശോധനയും അനുബന്ധ നടപടികളും പുരോഗമിക്കുകയാണ്.

(ബി) ഈ മണ്ഡലത്തിൽ ഇനി അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും നിലവിൽ പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(ബി&സി) നിലവിലില്ല.

33 കെ. വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്ന നടപടി

176(3608) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂരിൽ പ്രവർത്തിക്കുന്ന 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി വിവരം ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂരിൽ പ്രവർത്തിക്കുന്ന 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്താൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.